**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2938** **07-10-2025 - ൽ മറുപടിയ്ക്ക്**

**എസ്. സി. - എസ്. ടി. വിഭാഗങ്ങളുടെ പദ്ധതി അടങ്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | എസ്. സി. - എസ്. ടി. വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ തുക കഴിഞ്ഞ വർഷം വെട്ടിക്കുറച്ചിരുന്നോയെന്ന് അറിയിക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുകയാണ് ചെയ്തത്. |
| (ബി) | എങ്കിൽ കഴിഞ്ഞവർഷം വെട്ടിക്കുറച്ച പദ്ധതി അടങ്കൽ തുക ഈ സാമ്പത്തിക വർഷം കൂട്ടുതലായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>2025-26 സാമ്പത്തിക വർഷത്തിൽ വകുപ്പിന് പട്ടികവർഗ ഉപപദ്ധതിയുടെ ബഡ്ജറ്റ് വിഹിതമായി 69,713 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 15,488.95 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>2025-26 സാമ്പത്തിക വർഷം SCP വിഹിതത്തിൽ 208 കോടി രൂപ കഴിഞ്ഞ വർഷത്തേക്കാൾ അധികമായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ